പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 229

18/2/2016-ലെ മറുപടിയ്ക്ക്

## നോക്കുകൂലി വിമുക്ത ജില്ലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും **നൈപുണ്യവും** വകുപ്പു മന്ത്രി) |
| (എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശി ക്കുന്നത്; | ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | സി) | നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലകളിലെ പ്രധാന കവലകളിൽ റസിഡന്റ്സ് അസോസിയോഷനുകളുമായി ചേർന്ന് ഏകീകൃത കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും, ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കൂലി മനസ്സിലാക്കി തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് എസ്.ബി.റ്റിയുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടനുള്ള രസീത് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി 180042555214/ 155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ മുഖേന ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ